**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8** **08-08-2023 - ൽ മറുപടിയ്ക്ക്**

**കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പകർച്ചവ്യാധികളുടെയും ഇതര രോഗങ്ങളുടെയും പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി സമഗ്രമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ പ്രദേശ ത്തിന്റെയും ലഭ്യമായ രോഗവിവരങ്ങൾ അതാത് പ്രദേശങ്ങളിലെ ഇതര വകുപ്പ കളുമായി ബന്ധപ്പെട്ട വിവരങ്ങൾ, ജന്തുജന്യ രോഗങ്ങൾ, കാലാവസ്ഥാ വ്യതിയാനം, ഭൂപ്രകൃതി, ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട രോഗസ്ഥിതി വിവര കണക്കുകൾ തുടങ്ങിയവ ഉപയോഗിച്ച് കൊണ്ട് പകർച്ച വ്യാധി കൾ വരുന്നത് മുൻകൂട്ടി പ്രവചിക്കേണ്ടത് രോഗപ്രതിരോധത്തിനായുള്ള മുൻകരു തലുകൾ സ്വീകരിക്കുവാനും, രോഗ പകർച്ച തടയുവാനും, രോഗാതുരതയും മരണങ്ങളും കുറയ്ക്കുവാനും ആവശ്യ മാണ്.മനുഷ്യരുടെ ആരോഗ്യം, മൃഗങ്ങളുടെ ആരോഗ്യം, സസ്യങ്ങളുടെ ആരോഗ്യം, പരിസ്ഥിതി ആരോഗ്യം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ട് ഏകാരോഗ്യ പദ്ധതി നടപ്പിലാക്കി വരുന്നു. മേൽ പ്രസ്താവിച്ച മേഖലകളിലേയും രോഗാവസ്ഥകളേയും സവിശേഷമായ സ്ഥിതി വിശേഷങ്ങളേയും അപകടകരമായ മുന്നറിയിപ്പുകളേയും (Red Flags) മുൻകൂട്ടി മനസ്സിലാക്കുന്നതിനും സ്ഥിരീ കരിക്കുന്നതിനും ഏകാരോഗ്യ പദ്ധതി യുടെ ഭാഗമായി സജ്ജീകരിക്കുന്ന നിരീക്ഷണ - സ്ഥിരീകരണ സംവിധാനം വഴി സാധ്യമാകും. ബന്ധപ്പെട്ട വകുപ്പുകളുമായുള്ള സംയോജനവും വിവര കൈമാറ്റവും തൽസമയറിപ്പോർട്ടിംഗും വഴി എപ്പിഡമിക്ക് - പാൻഡമിക്ക് പ്രിപ്പേർഡ്നെസ്സ് സുഗമമാക്കുന്നു. കൂടാതെ പകർച്ച വ്യാധികളേയും പാരിസ്ഥിതിക പ്രശ്നങ്ങളേയും മുൻകൂട്ടി തടയുവാനും സാധിക്കുന്നു. രോഗങ്ങളുടെ തുടർച്ചയായ നിരീക്ഷണവും വിവിധ വകുപ്പുകളുമായി ചേർന്ന് ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സ്ഥിതി വിവരകണക്കുകൾ എന്നിവ ഉപയോഗിച്ച് രോഗങ്ങളുടെ സാധ്യത മുൻകൂട്ടി പ്രവചിക്കാനും വിവിധ |

| | | | |
|---|---|---|---|
| | | | വകുപ്പുകൾ ഒരു കുടക്കീഴിൽ പ്രവർത്തിക്കുവാനും അതാത് സമയങ്ങളിൽ താഴെത്തട്ടിലേയ്ക്ക് രോഗ പ്രതിരോധ നടപടികൾക്കും തുടർ പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകുവാനും സംസ്ഥാന തലത്തിൽ കേരള വൺഹെൽത്ത് സെന്റർ, കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ എന്നിവ സജ്ജമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് മുൻകൂട്ടി കാണുവാനും രോഗ നിയന്ത്രണം നടപ്പിലാക്കുവാനും സർവൈലൻസ് ശക്തിപ്പെടുത്തുവാനും നടപടി സ്വീകരിച്ചു വരുന്നു. ആയതിന്റെ ഭാഗമായി സംസ്ഥാന മോണിറ്ററിംഗ് സെൽ മുഖേന രോഗാവസ്ഥകൾ വിശകലനം ചെയ്ത് നടപടികൾ നിർദ്ദേശിച്ചു വരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പകർച്ചവ്യാധികൾ ഉൾപ്പെടെയുള്ള രോഗങ്ങളുടെ പ്രതിരോധത്തിനായും ഏകോപന ത്തിനായും സംസ്ഥാനതലത്തിലും മെഡിക്കൽ കോളേജ് തലത്തിലും PEID CELL കൾ പ്രവർത്തിച്ചു വരുന്നു |
| (ബി) | അമേരിക്കൻ മാതൃകയിൽ പകർച്ചവ്യാധികളുടെയും ഇതര രോഗങ്ങളുടെയും പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി കോവിഡ് കാലത്ത് കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ (കെ.സി.ഡി.സി.) സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നോ; 2021 ലെ ബജറ്റിൽ ഇതിനായി തുക അനുവദിച്ചിരുന്നുവോ; വിശദമാക്കാമോ; | (ബി) | പകർച്ചവ്യാധികളുടെയും ഇതര രോഗങ്ങളുടെയും പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി കോവിഡ് കാലത്ത്, അമേരിക്കയിലെ US CDC യുടെ മാതൃകയിൽ കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവെൻഷൻ (കെ-സി.ഡി.സി) സ്ഥാ പിക്കുവാൻ തീരുമാനിച്ചിരുന്നു. 2021 ലെ റിവൈസ്ഡ് ബജറ്റിൽ കെ.സി.ഡി. സിയുടെ പ്രാരംഭ നടപടികൾക്കായി 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. |
| (സി) | കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ (കെ.സി.ഡി.സി.) സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | 2021 ലെ റിവൈസ്ഡ് ബജറ്റ് സ്പീച്ച് പ്രകാരം 50 ലക്ഷം രൂപ കെ.സി.ഡി. സിയുടെ പ്രാരംഭ ചെലവുകൾക്കായി വകയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെ.സി.ഡി.സി സ്ഥാപിക്കുവാൻ 10/02/2022 ലെ സ.ഉ (പി)നം.6/2022/ആ.കു.വ പ്രകാരം തത്ത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. |
| (ഡി) | വിവരശേഖരണം, ഏകോപനം എന്നിവ ദ്രുതഗതിയിലാക്കുന്നതിന് വിവിധയിടങ്ങളിൽ കെ.സി.ഡി.സി. സാറ്റലൈറ്റ് കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | കെ.സി.ഡി.സി യുടെ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡി.പി.ആർ ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | ഫീൽഡ്തല പ്രവർത്തനങ്ങൾ ഉൾപ്പടെയുള്ള വിവിധ മേഖലകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് | (ഇ) | ഫീൽഡ്തല പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വിവിധ മേഖലകളെയും സ്ഥാപനങ്ങളെയും |

| | | | |
|---|---|---|---|
| | ആരോഗ്യപരിപാലനത്തിന്റെ എല്ലാ മേഖലകളിലും മികച്ച നവീകരണ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ആശയകേന്ദ്രമായി കെ.സി.ഡി.സി.യെ മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | | ഏകോപിപ്പിച്ച് ആരോഗ്യ പരിപാലനത്തിന്റെ എല്ലാ മേഖലകളിലും മികച്ച നവീകരണ വികസന പ്രവർത്തനങ്ങൾ നടത്തു ന്നതിനുള്ള ആശയകേന്ദ്രമായി കെ.സി. ഡി.സിയെ മാറ്റുവാൻ ഉദ്ദേശിക്കുന്നു. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ